(15) ബ്രിക്സ് നിർമ്മാണം.

(16) ഹിൽ പ്രൊഡ്യൂസ് മേഖല.

(17) പ്ലാന്റേഷൻസ്.

(18) മൈനർ പോർട്ട്സ്.

(19) റബ്ബർ പ്രോഡക്ട്സ് വ്യവസായം.

(20) ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ്സ്.

(21) റബ്ബർ ക്രേപ്പ് മില്ലുകൾ.

(22) മൈനർ എഞ്ചിനീയറിംഗ് വ്യവസായം.

(23) ഫിഷ് പീലിംഗ്, ഫിഷ് കാനിംഗ്.

(24) കൈത്തറി വ്യവസായം.

(25) കശുവണ്ടി വ്യവസായം.

(26) ഓയിൽ മിൽ വ്യവസായം.

(27) കൈത്തറി മാസ ശമ്പള വിഭാഗം.

(ബി) മിനിമം വേതന നിയമം, 1948 സെക്ഷൻ (3)(1) (ബി) പ്രകാരം മിനിമം വേതനം നിർണ്ണയിച്ച തൊഴിൽ മേഖലകളിൽ പ്രസ്തുത നോട്ടിഫിക്കേഷൻ തീയതി മുതൽ അഞ്ചു വർഷം കൂടുമ്പോൾ മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ടതാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

41 (207) തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാലാകാലങ്ങളിൽ സർക്കാർ വിലയിരുത്താറുണ്ട്. ചീഫ് എക്സിക്യൂട്ടീവ്, എക്സിക്യൂട്ടീവ് ഓഫീസർമാരുമായും ചെയർമാൻമാരുമായും വിവിധ തലങ്ങളിൽ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച ചർച്ച നടത്തുകയും ക്ഷേമനിധി ബോർഡുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശവും സഹായവും അവർക്ക് നൽകുകയും ചെയ്തുവരുന്നുണ്ട്. ക്ഷേമനിധി ബോർഡുകളുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റഡ് സ്റ്റേറ്റു

LIBRARY ARCHIVES Kerala Legislative Assembly

മെന്റ് ഓഫ് അക്കൗണ്ട്സും അവലോകനം ചെയ്യുകയും ബോർഡിന്റെ വാർഷിക ബഡ്ജറ്റിന് അംഗീകാരം നൽകുകയും ചെയ്യുന്നുണ്ട്.

കൂടാതെ, 5.8.1989-ൽ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ഒരു വർക്ക്ഷോപ്പ് തൊഴിൽവകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കൂടുകയുണ്ടായി. ഈ യോഗത്തിൽ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനവും സാമ്പത്തികനിലയും പൊതുവിൽ വിലയിരുത്തുകയും ചെയ്തു.

(സി) ഉണ്ട്.

(ഡി) ക്ഷേമനിധികളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ സംസ്ഥാനതലത്തിൽ ഒരു ലേബർ അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് മൂന്ന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

42 (208) ക്ഷേമനിധികളിൽ നിന്ന് നൽകുന്ന പെൻഷൻ

ശ്രീ. എം. മുരളി :

ശ്രീ. ജോർജ്. ജെ. മാത്യു :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നിലവിലുള്ള ക്ഷേമനിധികൾ ഏതെല്ലാമാണ്;

(ബി) ഈ നിധികളിൽ ഏതിനെല്ലാം പെൻഷൻ കൊടുക്കുവാനുള്ള വ്യവസ്ഥയുണ്ട്;

(സി) ഈ നിധികളിൽനിന്ന് നൽകുന്ന പെൻഷനിൽ കുടിശ്ശിക വന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോന്നിനും ക്ഷേമനിധിയിൽനിന്നും നൽകിവരുന്ന പെൻഷനിൽ എത്ര കാലത്തെ കുടിശ്ശിക ഇപ്പോൾ കൊടുത്തു തീർക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)(ബി),(സി)&(ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.†

43 (209) കർഷകത്തൊഴിലാളി ക്ഷേമ നിധി ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽനിന്നും അംഗ തൊഴിലാളികൾക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly